# PROCEEDINGS
# OF THE
# KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

**SIXTH SESSION—1972**

**Friday, the 22nd September, 1972**

## OFFICIAL REPORT

76914
22.3.1994

VOLUME XXXII—No. 1

CONTENTS—(*See over*)

**Price: 50 P.**

©

PRINTED BY THE S.G.P. AT THE GOVERNMENT PRESS,
ERNAKULAM, 1973

# CONTENTS


| | Page |
|---|---|
| OBITUARY REFERENCE .. .. | 1—11 |


LIBRARY ARCHIVES Kerala Legislative Assembly

## THE KERALA LEGISLATIVE ASSEMBLY

*The Speaker*

The Honourable Shri K. Moideenkutty Haji

*The Deputy Speaker*

The Honourable Shri R. S. Unni

*Secretary*

Dr. R. Prasannan

*Chief Editor*

Smt. K. Parvathy Ammal

## THE GOVERNMENT OF KERALA

### COUNCIL OF MINISTERS

*Chief Minister*

The Honourable Shri C. Achutha Menon

*Minister for Home*

The Honourable Shri K. Karunakaran

*Minister for Finance*

The Honourable Dr. K. G. Adiyodi

*Minister for Local Administration*

The Honourable Shri K. Avukaderkutty Naha

*Minister for Revenue*

The Honourable Shri Baby John

*Minister for Health and Co-operation*

The Honourable Shri N. K. Balakrishnan

*Minister for Works*

The Honourable Shri T. K. Divakaran



LIBRARY ARCHIVES Kerala Legislative Assembly

*Minister for Harijan Welfare and Community Development*

The Honourable Shri V. Eacharan

*Minister for Transport and Electricity*

The Honourable Shri M. N. Govindan Nair

*Minister for Education*

The Honourable Shri C. H. Mohammed Koya

*Minister for Food and Civil Supplies*

The Honourable Shri Paul P. Mani

*Minister for Agriculture and Labour*

The Honourable Shri Vakkom Purushothaman

*Minister for Industries*

The Honourable Shri T. V. Thomas

LIBRARY ARCHIVES Kerala Legislative Assembly

## MEMBERS OF THE ASSEMBLY

1. Shri B. M. Abdul Rahiman (Kasargod)
2. ,, A. V. Abdurahiman (Meppayur)
3. ,, C. Achutha Menon (Kodakara)
4. ,, V. S. Achuthanandan (Ambalapuzha)
5. Dr. K. G. Adiyodi (Perambra)
6. Shri Chakkeeri Ahammedkutty (Kuttippuram)
7. ,, A. K. Antony (Shertallai)
8. ,, P. A. Antony (Trichur)
9. ,, K. Avukaderkutty Naha (Tirurangadi)
10. ,, Baby John (Karunagappally)
11. ,, Balanandan (Vadakkekara)
12. ,, K. K. Balakrishnan (Chelakara--S.C.)
13. ,, N. K. Balakrishnan (Hosdurg)
14. ,, Thengamom Balakrishnan (Adoor)
15. ,, N. E. Balaram (Tellicherry)
16. ,, U. A. Beeran (Malappuram)
17. ,, A. C. Chacko (Karimannoor)
18. ,, J. A. Chacko (Akalakunnam)
19. ,, K. J. Chacko (Changanacherry)
20. ,, C. B. C. Warrier (Haripad)
21. ,, P. N. Chandrasenan (Aranmula)
22. ,, P. K. Chathan Master (Kilimanoor—S.C.)
23. ,, K. Chathunni Master (Beypore)
24. ,, P. Cyriac John (Kalpetta)
25. ,, S. Damodaran (Mararikulam)
26. ,, Damodaran Kalassery (Pandalam—S.C.)
27. ,, N. I. Devassykutty (Manalur)
28. ,, T. K. Divakaran (Quilon)
29. ,, V. Eacharan (Trithala—S.C.)
30. ,, P. R. Francis (Ollur)
31. ,, C. S. Gangadharan (Irinjalakuda)
32. ,, M. P. Gangadharan (Nilambur)
33. ,, K. M. George (Poonjar)



LIBRARY ARCHIVES Kerala Legislative Assembly

34. Shri P. P. George (Chalakudy)
35. ,, Attingal N. Gopala Pillai (Trivandrum–I)
36. ,, Kottara Gopalakrishnan (Kottarakara)
37. ,, E. Gopalakrishna Menon (Cranganore)
38. ,, V. K. Gopinathan (Nattika)
39. ,, Gopinathan Pillai (Mavelikara)
40. Smt. K. R. Gouri (Aroor)
41. Shri C. P. Govindan Nambiar (Taliparamba)
42. ,, M. N. Govindan Nair (Chadayamangalam)
43. ,, C. Govinda Panicker (Sreekrishnapuram)
44. ,, K. J. Herschel (Mattancherry)
45. ,, Haji M. V. Hydros (Ponnani)
46. ,, A. L. Jacob (Ernakulam)
47. ,, Jacob Scariah (Ranni)
48. ,, T. S. John (Kallooppara)
49. ,, E. John Jacob (Thiruvalla)
50. ,, John Manjooran (Mannarghat)
51. ,, P. J. Joseph (Thodupuzha)
52. ,, K. Karunakaran (Mala)
53. ,, K. K. Nair (Pathanamthitta)
54. ,, A. A. Kochunny (Alwaye)
55. ,, M. Krishnan (Badagara)
56. ,, P. P. Krishnan (Ottapalam)
57. ,, R. Krishnan (Alathur)
58. ,, R. Krishnan (Palghat)
59. ,, T. K. Krishnan (Kunnamkulam)
60. ,, V. Krishna Das (Malampuzha)
61. ,, K. Krishna Pillai (Punalur)
62. ,, M. Kumaran (Nadapuram)
63. ,, N. K. Kumaran (Cannanore)
64. ,, P. Kunhan (Kuzhalmannam—S.C.)
65. ,, A. V. Kunhambu (Payyannur)
66. ,, A. Kunhikannan (Irikkur)
67. ,, M. Kunjukrishnan Nadar (Kovalam)
68. ,, K. G. Kunjukrishna Pillai (Nedumangad)
69. ,, M. Kunjukrishna Pillai (Vamanapuram)
70. ,, Thundathil Kunjukrishna Pillai (Kayamkulam)

LIBRARY ARCHIVES Kerala Legislative Assembly

71. Shri A. P. Kurian (Ankamaly)
72. ,, K. V. Kurian (Kanjirappally)
73. ,, G. Kuttappan (Nemom)
74. ,, O. Lukose (Kaduthuruthy)
75. ,, Kalppally Madhava Menon (Calicut-II)
76. ,, T. A. Majid (Varkala)
77. ,, K. M. Mani (Palai)
78. ,, M. I. Markose (Kothamangalam)
79. ,, C. H. Mohammed Koya Haji (Kondotti)
80. ,, M. Moideenkutty Haji (Mankada)
81. ,, P. V. S. Mustaffa Pookoya Thangal (Kunnamangalam)
82. ,, A. S. N. Nambissan (Vadakkancherry)
83. ,, K. Narayana Kurup (Vazhoor)
84. ,, E. Narayanan Nair (Quilandy)
85. ,, P. Nilakantan (Kazhakuttam)
86. ,, Oommen Chandy (Puthuppally)
87. ,, Thalavady Oommen (Kuttanad)
88. ,, K. Pankajakshan (Trivandrum-II)
89. ,, T. A. Paraman (Kunnathunad—S.C.)
90. ,, R. Parameswaran Pillai (Neyyattinkara)
91. ,, Paul P. Mani (Thrippunithura)
92. Smt. Pennamma Jacob (Muvattupuzha)
93. Shri P. I. Poulose (Perumbavoor)
94. ,, P. G. Purushothaman Pillai (Chengannur)
95. ,, Vakkom Purushothaman (Attingal)
96. ,, M. K. Raghavan (Narakkal)
97. ,, P. K. Raghavan (Pathanapuram—S.C.)
98. ,, M. V. Raghavan (Madayi)
99. ,, K. Raghavan Master (South Wynad—S.T.)
100. ,, P. B. R. Pillai (Ettumanoor)
101. ,, A. A. Rahim (Kundara)
102. ,, K. I. Rajan (Peermade—S.C.)
103. ,, M. V. Rajan (North Wynad—S.T.)
104. ,, K. P. Raman (Manjeri—S.C.)
105. ,, N. Ramakrishnan (Edakkad)
106. ,, M. Ramappa (Manjeshwar)

LIBRARY ARCHIVES Kerala Legislative Assembly

107. Shri P. Ravindran (Chathannoor)
108. ,, E. M. Sankaran Namboodiripad (Patta bi)
109. ,, P. V. Sankaranarayanan (Calicut-I)
110. ,, M. Sathyanesan (Parassala)
111. ,, Sathyapalan (Kunnathur—S.C.)
112. ,, Seyed Ummer Bhafaki (Tanur)
113. ,, Sebastian Thomas (Udumbanchola)
114. ,, A. C. Shanmukhadas (Balusseri)
115. ,, K. K. S. Thangal (Perintalmanna)
116. ,, K. A. Sivarama Bharathy (Chittur)
117. ,, K. Somasekharan Nair (Ariyanad)
118. ,, K. M. Soopi (Peringalam)
119. ,, P. S. Sreenivasan (Vaikom)
120. ,, M. Thomas (Kottayam)
121. ,, P. J. Thomas (Konni)
122. ,, T. V. Thomas (Alleppey)
123. ,, R. S. Unni (Eravipuram)
124. ,, P. Unnikrishna Pillai (Krishnapuram)
125. ,, G. Varadan (Devicolam—S.C.)
126. ,, S. Varadarajan Nair (Vilappil)
127. ,, Varkey Vadakkan (Guruvayoor)
128. ,, C. Vasudeva Menon (Kollengode)
129. ,, Pinarayi Vijayan (Kuthuparamba)
130. ,, B. Wellington (Palluruthy)
131. ,, Stephen Padua
132. ,, Vacant.
133. ,, Vacant.

LIBRARY ARCHIVES Kerala Legislative Assembly

## PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

## Sixth Session–1972

*Friday, the 22nd September* 1972

**Vol. XXXII] OFFICIAL REPORT [No. 1**

The Assembly met in the Assembly Chamber, Trivandrum at Nine of the clock on Friday, the 22nd September, 1972 with Mr. Speaker in the Chair.

### OBITUARY REFERENCE

<u>മി: സ്പീക്കർ:</u> ഓർഡർ, ഓർഡർ.

കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ നമ്മോടൊത്തു സഭാനടപടികളിൽ പങ്കെടുത്തിരുന്ന നമ്മുടെ പ്രിയസുഹൃത്ത് ശ്രീ. വി. വി. കുഞ്ഞമ്പു ഇത്രവേഗം നമ്മോടു യാത്ര പറയുമെന്ന് നാമാരും കരുതിയിരുന്നില്ല. അത്ര ആകസ്മികവും അകാലികവും ആയിരുന്നു അദ്ദേഹത്തിന്റെ വേർപാട്. അദ്ദേഹത്തിന്റെ ചരമംമൂലം നമുക്ക് പ്രിയംകരനായ ഒരു സുഹൃത്തും, നാടിന് പ്രഗൽഭനായ ഒരു നേതാവുമാണ് നഷ്ടപ്പെട്ടത്.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തുകൊണ്ട് രാഷ്ട്രീയത്തിൽ പ്രവേശിച്ച അദ്ദേഹം അനേകം അഗ്നിപരീക്ഷകളെ അതിജീവിച്ച ധീരനും സാഹസികനുമായ ഒരു നേതാവായിരുന്നു. കഠിനമായ യാതനയുടെ തീച്ചൂളയിൽ സ്ഫുടം ചെയ്തെടുത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. ഉന്നത വിദ്യാഭ്യാസം നേടിയ അദ്ദേഹം സ്വന്തം താൽപര്യങ്ങളേക്കാളുപരിയായി നാടിന്റെ താൽപര്യങ്ങളെ കാണുകയും, താൻ ജനിച്ച നാടിനും, നാട്ടാർക്കും വേണ്ടി ജീവിതം സമർപ്പിക്കുകയുമാണ് ചെയ്തത്. ഡിസ്ട്രിക്ടുബോർഡു മെമ്പർ, പഞ്ചായത്തു പ്രസിഡണ്ട്, നിയമസഭാംഗം എന്നീ വിവിധ നിലകളിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം കളങ്കരഹിതവും ആദർശ സുരഭിലവുമായിരുന്നു. മലബാർ ഡിസ്ട്രിക്ടു ബോർഡു മെമ്പർ, നിയമസഭാംഗം എന്നീ നിലയിൽ വളരെക്കാലം അദ്ദേഹവുമായി അടുത്തു ബന്ധം പുലർത്തുവാൻ എനിക്കവസരം ഉണ്ടായിട്ടുണ്ട്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ അതിഭാവുകത്വത്തിന്റെ പരിവേഷം ചാർത്താതെ തുറന്നുപറയുക, കഠിനമായ എതിർപ്പിനിടയിലും വ്യക്തിബന്ധങ്ങൾക്ക് തെല്ലെങ്കിലും ഉലച്ചിൽ തട്ടാതെ സൂക്ഷിക്കുക, രാഷ്ട്രീയത്തിന്റെ അതിപ്രസരം വാക്കിലോ പ്രവർത്തിയിലോ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുക, ഇതൊക്കെ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അനന്യലബ്ധങ്ങളായ ഗുണവിശേഷങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ചരമത്തിൽ എനിക്കും ഈ സഭയ്ക്കുമുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തിക്കൊള്ളുന്നു. അദ്ദേഹത്തിന്റെ ആത്മാവ് നിത്യശാന്തി അടയട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. സി. അച്ചുതമേനോൻ) : സർ, പരേതനായ ശ്രീ. വി. വി. കുഞ്ഞമ്പുവിനെ സംബന്ധിച്ച് അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോടും അഭിപ്രായങ്ങളോടും പരിപൂർണ്ണമായി ഞാനും യോജിക്കുകയാണ്. ശ്രീ. കുഞ്ഞമ്പുവുമായിട്ട് വളരെ അടുത്ത പരിചയം എനിക്ക് ഉണ്ടായിട്ടില്ലെന്നുള്ളത് ശരിയാണെങ്കിലും അദ്ദേഹം രാഷ്ട്രീയത്തിലേക്ക് ഇറങ്ങിയ ആദ്യകാലംമുതൽക്കേ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ഞാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നിട്ടുണ്ട്. സ്വാതന്ത്ര്യപ്രവർത്തനത്തിൽ 1930–ാമാണ്ടു മുതൽക്കുള്ള സമരത്തിൽ അദ്ദേഹം സജീവമായി പങ്കെടുക്കുകയും അതിനുശേഷം നിരവധി കഷ്ടപ്പാടുകളും ത്യാഗങ്ങളും സഹിച്ച് അന്ത്യശ്വാസം വലിക്കുന്നതുവരെയും സുധീരം പ്രവർത്തിക്കുകയും പൊതുജനസേവനം നിർവഹിക്കുകയും ചെയ്തു. പൊതുജന സേവനത്തിനുവേണ്ടിയും നാടിനുവേണ്ടിയും എന്തു ത്യാഗവും സന്നദ്ധതയും സഹിക്കാനുള്ള ഒരു ജീവിതചര്യയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ചരമത്തിൽ എനിക്കും ഗവൺമെന്റിനുമുള്ള നിർവാച്യമായ വ്യസനം രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : സർ, അങ്ങും ബഹുമാനപ്പെട്ട സഭാനേതാവും പറഞ്ഞ അഭിപ്രായങ്ങളോടും പ്രകടിപ്പിച്ച വികാരങ്ങളോടും പൂർണ്ണമായും യോജിച്ചുകൊണ്ട്, നമുക്ക് നഷ്ടപ്പെട്ട ബഹുമാനപ്പെട്ട കുഞ്ഞമ്പുവിന്റെ ജീവിതത്തിലെ ഒരു പ്രധാന കാര്യത്തിലേക്ക് ഈ സഭയുടെ ശ്രദ്ധക്ഷണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കരിവണ്ണൂരും, ചെറുവത്തൂരും ഏതാണ്ടു മുപ്പത്തിയാറു കൊല്ലംമുമ്പ് രൂപംകൊണ്ട അഭിനവകേരളയുവക് സംഘം എന്ന സംഘടന ആ പ്രദേശത്ത് വിശേഷിച്ചും വടക്കേ മലബാറിൽ പൊതുവിലുള്ള കർഷകപ്രസ്ഥാനത്തിന്റെ തുടക്കമായിരുന്നു. ആ സംഘടനവഴിക്ക് ആ പ്രദേശത്ത് ആകമാനമുള്ള അന്നത്തെ ദേശീയ പ്രവർത്തകൻമാരെ കർഷകപ്രവർത്തനങ്ങളിലേക്കും തൊഴിലാളി പ്രവർത്തനങ്ങളിലേക്കും ആകർഷിക്കാൻ ശ്രമിച്ചു. ആ സംഘടന മുഖേനയാണ് അദ്ദേഹം രാഷ്ട്രീയത്തിലേക്കും കമ്മ്യൂണിസ്റ്റു പാർട്ടിയിലേക്കും കർഷകസംഘടനകളിലേക്കും എല്ലാം വന്ന് ആ പ്രദേശത്തുള്ള കർഷകരും കർഷകത്തൊഴിലാളികളും ഫാക്ടറി തൊഴിലാളികളും ആയിട്ടുള്ള പാവപ്പെട്ട ജനങ്ങളുടെ മുഴുവൻ ഉന്നത നേതാവായി തീർന്നത്. പാവപ്പെട്ട ജനങ്ങളുടെ ഉന്നതനേതാവ് എന്നുള്ള നിലയിൽ അദ്ദേഹം ഡിസ്ട്രിക്ടു ബോർഡു മെമ്പർ, എം. എൽ. എ. മുതലായ സ്ഥാനങ്ങളിലേക്ക് ഉയർന്നു. ആ നിലയിൽ കേരളത്തിലെ സംഘടിത കർഷകപ്രസ്ഥാനത്തിന്റേയും അതുമായി ബന്ധപ്പെട്ട പൊതുജനപ്രസ്ഥാനങ്ങളുടേയും ഈററില്ലം എന്നു പറയാവുന്ന ആ പ്രദേശത്തെ പൊതുജനനേതാവ് എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ സ്ഥാനം അങ്ങും ബഹുമാനപ്പെട്ട സഭാനേതാവും ചൂണ്ടിക്കാണിച്ച മററു ഗുണങ്ങളുടെ കൂട്ടത്തിൽ എടുത്തു പറയേണ്ടതാണ്. അദ്ദേഹത്തിന്റെ നിര്യാണംമൂലമുണ്ടായിട്ടുള്ള നഷ്ടം എനിക്കും എന്റെ പാർട്ടിക്കും വിശേഷിച്ചും ഈ സഭയിലുള്ള മററു എല്ലാ വിഭാഗങ്ങൾക്കും ഉള്ളതിനെക്കാൾ വളരെ കൂടുതലാണെന്ന് പറഞ്ഞുകൊണ്ടും അങ്ങും ബഹുമാനപ്പെട്ട സഭാനേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും പങ്കുകൊള്ളുന്നു.

ആഭ്യന്തരമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ശ്രീ. കുഞ്ഞമ്പു എല്ലാ കക്ഷികളിൽ പെട്ടവരുടേയും ഒരു ഉത്തമ സുഹൃത്തായിരുന്നു. അദ്ദേഹത്തിന്റെ പെരുമാററവും ആളുകളോടുള്ള സമീപനവും ആരെയും ആകർഷിക്കുന്ന ഒന്നാണ്. അദ്ദേഹം വിശ്വസിച്ചിരുന്ന പാർട്ടിയോടു

LIBRARY ARCHIVES Kerala Legislative Assembly

വിയോജിച്ചിരുന്ന ആളുകളും അദ്ദേഹത്തോടു ബഹുമാനത്തോടുകൂടി മാത്രമേ പെരുമാറിയിട്ടുള്ളൂ. തന്റെ ജീവിതത്തിൽ താൻ വിശ്വസിക്കുന്നതിനെ മുറുകെ പിടിച്ചുകൊണ്ടും യാതൊരുവിധത്തിലുള്ള സ്ഥാനമാനങ്ങളും മോഹിക്കാതെയും വളരെയധികം വിശ്വാസത്തോടും ദൃഢതയോടും കൂടി പ്രവർത്തിച്ചിരുന്ന ഒരാളാണ് അദ്ദേഹം. നാൽപതു കൊല്ലങ്ങൾക്കു മുമ്പു മലബാറിൽ ഉയർന്ന വിദ്യാഭ്യാസം ചെയ്യുന്നതിനു യാതൊരു സൗകര്യവും ഇല്ലാതിരുന്ന കാലഘട്ടത്തിൽ ഒരു ബിരുദം നേടാൻ കഴിഞ്ഞ അദ്ദേഹത്തിനു ജീവിതത്തിൽ വലിയ നിലയിൽ ഉയരുന്നതിനു സാധിക്കുമായിരുന്നു. എന്നാൽ അദ്ദേഹം അതിനുവേണ്ടി ശ്രമിക്കാതെ മർദ്ദിതവിഭാഗത്തിന്റെ അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി തന്റെ ജീവിതം ഉഴിഞ്ഞു വയ്ക്കുകയാണ് ചെയ്തത് എന്ന് അദ്ദേഹത്തിന്റെ നയപരിപാടികൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. എല്ലാവരാലും ആദരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്തിട്ടുള്ള ഒരു സഹപ്രവർത്തകൻ നഷ്ടപ്പെട്ടത് നമുക്കും നാടിനും തീരാത്ത നഷ്ടമാണ്. അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിച്ചുകൊണ്ട് എനിക്കും എന്റെ പാർട്ടിക്കുമുള്ള അനുശോചനം അറിയിച്ചുകൊള്ളുന്നു.

ശ്രീ. കെ. എം. ജോർജ്: സർ, ശ്രീ. വി. വി. കുഞ്ഞമ്പു, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാന്യ സുഹൃത്തുക്കളും പറഞ്ഞതുപോലെ എല്ലാവരുടേയും ആദരവും ബഹുമാനവും ആർജ്ജിച്ച് രാഷ്ട്രീയരംഗത്ത് കളങ്കരഹിതനായ ഒരു നേതാവ് എന്നുള്ള നിലയിൽ പ്രവർത്തിച്ചിട്ടുള്ള ഒരാളായിരുന്നു. തികച്ചും ആകസ്മികമായ നിലയിൽ അദ്ദേഹം നമ്മിൽനിന്നും വേർപെട്ടുപോയി. അദ്ദേഹത്തിന്റെ ഏററവും വലിയ ഗുണം വളരെയധികം വിനയാന്വിതനും, എല്ലാവരേയും സമഭാവനയിൽ കാണുന്നതിലും, എല്ലാവരോടും സഹോദരനിർവിശേഷമായ സ്നേഹത്തോടുകൂടി പെരുമാറുന്നതിലുമാണ്. ശ്രീ. കുഞ്ഞമ്പുവിന്റെ നിയോജകമണ്ഡലത്തിലും പരിസരപ്രദേശത്തും കക്ഷി സമുദായ പരിഗണന കൂടാതെ എല്ലാവർക്കും അദ്ദേഹത്തോടു എത്രയധികം സ്നേഹവും ബഹുമാനവും ആദരവും ഉണ്ടായിരുന്നുവെന്ന് ഒരു പരിധിവരെ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയ പ്രവർത്തകർക്ക് ഒരു നല്ല മാതൃകയെന്നുള്ള നിലയിൽ ഏതു കക്ഷിയിൽ പെട്ടവർക്കും സ്വീകരിക്കാവുന്ന. ഗുണഗണങ്ങളാണ് ശ്രീ. കുഞ്ഞമ്പുവിൽ വിളങ്ങിയിരുന്നത്. അദ്ദേഹത്തിന്റെ സ്വഭാവനിഷ്ഠ എന്നും ആദരിക്കുകയും സ്മരിക്കുകയും ചെയ്യാവുന്ന ഒന്നാണ്. പ്രത്യേകിച്ചും ഇന്നത്തെ കാലത്ത് സത്യസന്ധതയും മററു സദ്ഗുണങ്ങളും രാഷ്ട്രീയ പ്രവർത്തകർക്ക് ദുർലഭമായി വരുന്നുവെന്ന് ജനങ്ങൾ പറയുകയും ഭയപ്പെടുകയും ചെയ്യുന്ന അവസരത്തിൽ ശ്രീ. കുഞ്ഞമ്പുവിന്റെ നിര്യാണംമൂലമുണ്ടായിട്ടുള്ള വേർപാട് കേരളത്തെ സംബന്ധിച്ചും ഈ സഭയെ സംബന്ധിച്ചും വളരെ ദുഃഖകരമായ ഒന്നാണ്. ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളോട് അനുശോചനം രേഖപ്പെടുത്തുകയും ചെയ്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ഗതാഗതവും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ): സർ, ഹൃദയഭേദകമായ ഒരു മരണത്തെത്തുടർന്നാണ് കഴിഞ്ഞ നിയമസഭ പിരിഞ്ഞത്. നിർഭാഗ്യവശാൽ ഹൃദയഭേദകമായ മററൊരു മരണത്തെ അനുസ്മരിച്ചുകൊണ്ടാണ്. നമ്മൾ

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

ഇന്നു വീണ്ടും കൂടാൻ ഇടയായത്. ശ്രീ. കുഞ്ഞമ്പുവിനെപ്പററി ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുകയാണ്. 1928 മുതൽ അന്ത്യശ്വാസം വലിക്കുന്നതുവരെ ഒരു രാഷ്ട്രീയപ്രവർത്തകനായി, ഇവിടെ മുമ്പു പറഞ്ഞതുപോലെ, നാട്ടിലെ സാധാരണക്കാരായ ആളുകൾക്കുവേണ്ടി ജീവിതം അർപ്പിച്ച ഒരു വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സേവനമണ്ഡലം പ്രത്യേകമായി മലബാർ പ്രദേശത്തായിരുന്നെങ്കിലും, കേരളത്തിനാകെ പ്രചോദനം നൽകിയിട്ടുള്ള കാർഷിക സമരങ്ങളുടെ, കയ്യൂര്, കരിവള്ളൂര് തുടങ്ങിയ പ്രദേശങ്ങളിലെ നേതാവ് എന്നുള്ള നിലക്ക് അദ്ദേഹം എല്ലാവരാലും അറിയപ്പെട്ടിരുന്നു. അദ്ദേഹത്തെപ്പോലെ പക്വമതിയും അതുപോലെതന്നെ മിതഭാഷിയും നിസ്വാർത്ഥനുമായ ഒരു രാഷ്ട്രീയ നേതാവിന്റെ നഷ്ടം തീർച്ചയായും ഈ രാജ്യത്തിനും ഈ സഭക്കും, വിശേഷിച്ചും അദ്ദേഹം സേവനം അനുഷ്ഠിച്ചിരുന്ന കാർഷിക പ്രസ്ഥാനത്തിനും വല്ലാത്ത ഒരു നഷ്ടംതന്നെയാണ്. ജീവിതകാലം മുഴുവൻ നിസ്വാർത്ഥമായ സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ദേഹത്തിന്റെ സ്മരണ മററുള്ള രാഷ്ട്രീയ പ്രവർത്തകർക്ക് ഒരു മാതൃകയായിത്തീരട്ടെ എന്നു ആശംസിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) : ഒന്നിലധികം പ്രാവശ്യം ഈ സഭയിലെ അംഗമായിരുന്ന വിനയാന്വിതനും പക്വമതിയുമായ ശ്രീ. വി. വി. കുഞ്ഞമ്പുവിന്റെ നിര്യാണത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അനുശോചനം ഞാൻ അറിയിക്കുകയും എന്റെ മുൻഗാമികളായ പ്രാസംഗികന്മാർ പ്രകടിപ്പിച്ച വികാരങ്ങളിൽ പങ്ക് ചേരുകയും ചെയ്യുന്നു. അദ്ദേഹത്തോടൊന്നിച്ച് സർക്കാർപക്ഷത്തു ഈ സഭയിൽ പ്രവർത്തിച്ചപ്പോഴും, അദ്ദേഹവുമായി ഭിന്നിച്ചു പ്രതിപക്ഷത്തു പ്രവർത്തിച്ചിരുന്ന അവസരങ്ങളിലും അദ്ദേഹവുമായി അടുത്തു ഇടപഴകുവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. ഒന്നിച്ചും ഭിന്നിച്ചും പ്രവർത്തിക്കേണ്ടിവന്നപ്പോഴൊക്കെ വ്യക്തിപരമായ സുഹൃൽബന്ധത്തിന് യാതൊരു ഭംഗവും വരാൻ അദ്ദേഹം അനുവദിച്ചിരുന്നില്ലെന്നുള്ള സംഗതി ഞാൻ ഇപ്പോഴും സ്മരിക്കുകയാണ്. തന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ താൽപര്യങ്ങൾ കക്ഷിഭേദ വ്യത്യാസവുമില്ലാതെ സംരക്ഷിക്കുന്നതിന് അദ്ദേഹം അനവരതം പ്രവർത്തിച്ചുകൊണ്ടിരുന്നു. വളരെ ആകർഷകമായ ഗവൺമെൻറുദ്യോഗം വളരെ എളുപ്പത്തിൽ സമ്പാദിക്കാൻ ആ കാലഘട്ടത്തിൽ അദ്ദേഹത്തിനു സാധിക്കുമായിരുന്നിട്ടും, അതിനു വേണ്ടിയുള്ള വിദ്യാഭ്യാസവും അവസരവും ലഭിച്ചിട്ടും പൊതുജന സേവനത്തിനുവേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവയ്ക്കാനാണ് അദ്ദേഹം ആഗ്രഹിച്ചത്. അദ്ദേഹം അതിനുവേണ്ടി നിസ്വാർത്ഥമായി പരിശ്രമിക്കുകയും ആ പരിശ്രമം അന്ത്യശ്വാസംവരെ തുടരുകയും ചെയ്തു. ഒരു മാതൃകാപരമായ പൊതുപ്രവർത്തകനും, മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു നിയമസഭാസാമാജികനും ആയിരുന്ന ശ്രീ. കുഞ്ഞമ്പുവിന്റെ സേവനം ഒരിക്കലും മറക്കാൻ കഴിയുന്നതല്ല. അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളോട് അനുശോചനം രേഖപ്പെടുത്തുകയും, അദ്ദേഹത്തിന്റെ അകാല നിര്യാണത്തിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: ശ്രീ. വി. വി. കുഞ്ഞമ്പുവിന്റെ നിര്യാണം ഈ സഭക്കെന്നല്ല, പൊതുജീവിതത്തിനാകെ ഒരു നഷ്ടമാണെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് ഞാൻ കരുതുന്നത്. ശ്രീ. കുഞ്ഞമ്പുവിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു മാതൃകാപരനായ രാഷ്ട്രീയനേതാവെന്നല്ല, ഒരു മാതൃകാസാമാജികൻകൂടിയായിരുന്നു എന്ന് എനിക്ക് എപ്പോഴും തോന്നിയിട്ടുണ്ട്. നിയമസഭാ പ്രവർത്തനങ്ങളിൽ അർഹിക്കുന്ന ഗൗരവത്തോടുകൂടിയാണ് അദ്ദേഹം എപ്പോഴും പങ്കെടുത്തിട്ടുള്ളത്. അദ്ദേഹത്തെ സംബന്ധിച്ച് എനിക്ക് കാണാൻ കഴിഞ്ഞിട്ടുള്ള ഒരു സവിശേഷത, ഏററവും കുറച്ചു പ്രസംഗിക്കുകയും വളരെക്കൂടുതൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ പ്രവർത്തകനായിട്ടാണ്. സാധാരണഗതിയിൽ അങ്ങനെയുള്ള ആളുകളെ കാണാൻ കുറെ പ്രയാസമാണ്. എങ്കിലും അത് ശ്രീ. കുഞ്ഞമ്പുവിൽ വളരെ വ്യക്തമായി കാണാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം വളരെയധികം യാതനകൾക്ക് വശംവദനായിട്ടുണ്ടെന്നുള്ള കാര്യത്തെ സംബന്ധിച്ച് ആർക്കും സംശയമില്ല. ഒരു മാതൃകാപരമായ ജീവിതം അദ്ദേഹം നയിച്ച് അദ്ദേഹം ഏതു ലക്ഷ്യത്തിൽ വിശ്വസിച്ചിരുന്നുവോ ആ ലക്ഷ്യത്തിന്റെ സാദ്ധ്യതക്കുവേണ്ടി അന്ത്യനിമിഷംവരെ പ്രവർത്തിച്ചു. യാതൊരു തരത്തിലും കളങ്കമില്ലാത്ത ഒരു ജീവിതമാണ് അദ്ദേഹം അനുഷ്ഠിച്ചതെന്നുള്ളത് ഒരിക്കൽകൂടി ഞാൻ ആവർത്തിക്കുകയാണ്. അദ്ദേഹത്തിന്റെ നിര്യാണം ഈ സഭക്ക് മാത്രമല്ല, പൊതുജീവിതത്തിനാകെ ഒരു നഷ്ടമാണെന്നു ഞാൻ കരുതുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊള്ളുന്നു.

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ): ശ്രീ. വി. വി. കുഞ്ഞമ്പുവിന്റെ നിര്യാണത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അഗാധമായ ഖേദം ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനത്തെപ്പററിയും, അദ്ദേഹത്തെപ്പററിയും ഒക്കെ എനിക്ക് മുൻപു പ്രസംഗിച്ച മററു പാർട്ടിനേതാക്കൻമാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. 1967-നു ശേഷമാണ് അദ്ദേഹവുമായി നേരിട്ടു പരിചയപ്പെടാൻ എനിക്ക് വ്യക്തിപരമായി അവസരം ഉണ്ടായത്. അന്നു ഭരണകക്ഷിയിലെ ഒരംഗം എന്നുള്ള നിലക്കും പിൽക്കാലത്ത് പ്രതിപക്ഷത്തിലെ ഒരംഗം എന്നുള്ള നിലക്കും അദ്ദേഹവുമായി പരിചയപ്പെടാനുള്ള അവസരം എനിക്കുണ്ടായിട്ടുണ്ട്. ഈ രണ്ടു ഘട്ടങ്ങളിലും അദ്ദേഹം വ്യക്തിപരമായ ബന്ധങ്ങളിലോ, പെരുമാററങ്ങളിലോ യാതൊരു ഭാവഭേദവും പ്രകടിപ്പിച്ചിരുന്നില്ലെന്നുള്ളത് അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിലെ ഏററവും ഉന്നതമായ ഒരു നിലവാരത്തെ തെളിയിക്കുന്നു. സത്യസന്ധമായി, ആത്മാർത്ഥതയുള്ള അദ്ദേഹം പൊതുരംഗത്ത് പ്രവർത്തിച്ച് അവസാനംവരെ ആ രംഗത്ത് നിൽക്കുകയും ചെയ്തു. അചഞ്ചലമായ ആദർശനിഷ്ഠ പൊതുരംഗത്ത് അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. സാമൂഹ്യബന്ധങ്ങളിൽപ്പോലും അദ്ദേഹം ആ നിഷ്ഠയോടുകൂടിയ ബന്ധംമാത്രമേ പുലർത്തിയിരുന്നുള്ളു എന്നുള്ളത് ഏറെക്കുറെ ആ നിയോജകമണ്ഡലത്തിൽ പരിചയപ്പെടാൻ ചെന്ന അവസരത്തിൽ എനിക്ക് ബോദ്ധ്യമായിട്ടുണ്ട്. അദ്ദേഹം വിശ്വസിക്കുന്ന രാഷ്ട്രീയ സിദ്ധാന്തങ്ങൾക്കെതിരായി പ്രവർത്തിക്കുന്ന ആളുകളുടെ ആതിഥ്യംപോലും സ്വീകരിക്കുക എന്നുള്ളത് അദ്ദേഹം വെറുത്തിരുന്നു എന്നുള്ള കാര്യം എനിക്ക് നേരിട്ട് ബോദ്ധ്യപ്പെടാൻ അവസരം ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ നിര്യാണംമൂലം സ്വാതന്ത്ര്യസമരത്തിലെ ഏററവും ഉന്നതനായ ഒരു നേതാവിന്റേയും, അതുപോലെതന്നെ ഈ നാട്ടിലെ കർഷക തൊഴിലാളി ഇടതുപക്ഷ പ്രസ്ഥാനത്തിലെ സമുന്നതനായ ഒരു നേതാവിന്റേയും നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. നിയമസഭാസാമാജികൻ എന്നുള്ള നിലയിൽ ഈ നാടിന്റെ പൊതുപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

തോടൊപ്പം പ്രാദേശികമായ വികസന കാര്യങ്ങളിൽ വളരെയധികം താൽപര്യവും പ്രകടിപ്പിച്ചിരുന്ന ഒരു സാമാജികൻ കൂടിയായിരുന്നു ശ്രീ. കുഞ്ഞമ്പു. അദ്ദേഹത്തിന്റെ അഭിലാഷമായിരുന്ന ചില കാര്യങ്ങൾ പൂർത്തീകരിക്കാതിരിക്കുന്നു എന്നുള്ളതിൽ എനിക്ക് ഖേദമുണ്ട്. അതു വളരെ വേഗംതന്നെ അദ്ദേഹത്തിന്റെ നാമധേയത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് ഞാൻ ഈ അവസരത്തിൽ ആശിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ സ്മരണക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു.

ആരോഗ്യവും സഹകരണവും മന്ത്രി (ശ്രീ. എൻ.കെ. ബാലകൃഷ്ണൻ): സർ, നമ്മിൽനിന്നും വിട്ടുപോയ നമ്മുടെ പ്രിയംകരനായ ശ്രീ. വി. വി. കുഞ്ഞമ്പുവിന്റെ നഷ്ടം ഒരിക്കലും നികത്താൻ സാധിക്കാത്ത ഒന്നാണ്. ശ്രീ. വി. വി. കുഞ്ഞമ്പു രോഗബാധിതനായി ആശുപത്രിയിൽ കിടന്ന അവസരത്തിൽ, അദ്ദേഹം മരിക്കുന്നതിനു തലേദിവസം ആശുപത്രിയിൽ പോയി ഞാൻ അദ്ദേഹത്തെ കാണുകയുണ്ടായി. ആ അവസരത്തിൽ ഞാനോ അദ്ദേഹത്തെ കണ്ട എന്നോടൊപ്പമുണ്ടായിരുന്ന ഡോക്ടരോ ആരുംതന്നെ സ്വപ്നത്തിൽപ്പോലും ഇത്ര വേഗത്തിൽ അദ്ദേഹം നമ്മെ വിട്ടുപോകുമെന്ന് വിശ്വസിച്ചിരുന്നില്ല. അദ്ദേഹം ആ അവസരത്തിൽ വളരെയധികം സുസ്മേരവദനനായി കാര്യങ്ങൾ വളരെയധികം സംസാരിക്കുകയും അദ്ദേഹത്തിന് ചെറിയ അസുഖംമാത്രമേ ഉള്ളൂ എന്ന് പറയുകയും ചെയ്തു. എങ്കിൽക്കൂടിയും കൂടുതൽ ചികിൽസാസൗകര്യങ്ങൾക്കുവേണ്ടി അദ്ദേഹത്തെ തിരുവനന്തപുരത്തു കൊണ്ടുവരാനുള്ള ഏർപ്പാടുകൾ ചെയ്യാമെന്ന് ഞാൻ അദ്ദേഹത്തോടു പറയുകയും നാലഞ്ചുദിവസം കഴിഞ്ഞതിനുശേഷം വന്നുകൊള്ളാമെന്ന് പറഞ്ഞ് പിരിയുകയുംചെയ്തു. എന്നാൽ പിറേറദിവസം അങ്ങോട്ടുള്ള വഴിമദ്ധ്യേയാണ് അദ്ദേഹത്തിന്റെ പെട്ടെന്നുള്ള വേർപാട് അറിയാൻ ഇടയായത്. ശ്രീ. വി. വി. കുഞ്ഞമ്പുവുമായി വളരെയടുത്ത് ബന്ധം സ്ഥാപിച്ചുകൊണ്ട് സാമൂഹ്യരാഷ്ട്രീയ പ്രവർത്തനങ്ങളിൽ കുറേക്കാലമായി പ്രവർത്തിക്കാൻ സാധിച്ചിട്ടുള്ള ഒരു എളിയ പ്രവർത്തകനാണ് ഞാൻ. ശ്രീ. വി. വി. കുഞ്ഞമ്പു സാധാരണ കുടുംബത്തിൽനിന്നും ഉയർന്നുവന്ന ഒരു മഹാവ്യക്തിയാണ്. അന്ന് വടക്കേ മലബാറിൽ കാസർകോഡ്, ഹോസ്ദുർഗ് പ്രദേശങ്ങളിൽ വിദ്യാഭ്യാസം വളരെയധികം പിന്നണിയിൽ കിടന്നിരുന്ന കാലത്ത് ആ പ്രദേശത്തുനിന്നും ഒരു ബിരുദധാരിയെ ലഭിക്കുക എന്നത് വളരെയധികം ദുഷ്കരമായ ഒരു കാര്യമായിരുന്നു. ആ അവസരത്തിൽ അദ്ദേഹം ബിരുദധാരിയായി. അതിനുശേഷം അദ്ദേഹം കരിവള്ളൂർ സ്ക്കൂളിൽ അധ്യാപകനായി പ്രവർത്തിച്ചു. അദ്ദേഹം ആ അധ്യാപകജോലിയിൽ തുടർന്നിരുന്നെങ്കിൽ നിശ്ചയമായും ഏററവും ഉയർന്ന ഉദ്യോഗത്തിൽ ഇരിക്കാൻ സാധിക്കുമായിരുന്നു. പക്ഷേ രാജ്യത്ത് സ്വാതന്ത്ര്യകാഹളം മുഴങ്ങിയപ്പോൾ, മഹാത്മാഗാന്ധിയുടെ ആഹ്വാനം രാജ്യസ്വാതന്ത്ര്യത്തിനുവേണ്ടി മുഴങ്ങിയപ്പോൾ അദ്ദേഹം തന്റെ ഉദ്യോഗം രാജിവച്ചുകൊണ്ട് സാമൂഹ്യരാഷ്ട്രീയപ്രവർത്തനങ്ങളിൽ പ്രവർത്തിക്കാൻ തുടങ്ങി. ആദ്യമായി അദ്ദേഹം നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ആദികാലങ്ങളിൽ ഖാദിപ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പ്രവർത്തിച്ചു. പിന്നീട് സ്വാതന്ത്ര്യസമരത്തിലെ ധീരനായ സേനാനിയെന്ന നിലയിൽ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം വളരെയധികം ത്യാഗങ്ങൾ സഹിച്ചു, വളരെക്കാലം ജയിൽവാസം അനുഭവിച്ചു. കേരളത്തിലെ കർഷകപ്രസ്ഥാനത്തിന്റെ ഉറവിടമെന്നറിയപ്പെടുന്ന കൊടക്കാട്ട്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ജി. രംഗ അദ്ധ്യക്ഷനായുള്ള കേരളത്തിലെ ആദ്യത്തെ കർഷക സംഘത്തിന്റെ, കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത കർഷകപ്രസ്ഥാനത്തിന്റെ ആരംഭം കുറിച്ച കൊടക്കാട്ടെ വമ്പിച്ച സമ്മേളനത്തിന്റെ പ്രവർത്തനങ്ങളിൽ ഇപ്പോൾ നിയമസഭയിലുള്ള ബഹുമാനപ്പെട്ട ശ്രീ. എ. വി. കുഞ്ഞമ്പുവിനോടൊപ്പം അദ്ദേഹം ചെയ്തിട്ടുള്ള ഏററവും മഹത്തായ സേവനം ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. അതിനുശേഷം പല സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും വളരെയധികം ധീരമായി പ്രവർത്തിച്ചുകൊണ്ട് ആ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും കണ്ണിലുണ്ണിയായി അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹത്തോടു വിയോജിക്കുന്ന ആളുകൾക്കുപോലും അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ സേവനങ്ങളുടെ മുമ്പിൽ കൈകൂപ്പാതിരിക്കാൻ സാദ്ധ്യമല്ല. ധീരനായ സത്യസന്ധനായ ആ നേതാവ് നമ്മിൽനിന്നും നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ വേർപാടിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അഗാധമായ വ്യസനം രേഖപ്പെടുത്തുന്നതോടൊപ്പം അദ്ദേഹത്തിന്റെ സന്തപ്തകുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജോൺ മാഞ്ഞൂരാൻ: സർ, 'നിറകുടം തുളുമ്പുകയില്ല' എന്ന ആപ്തവാക്യം ശ്രീ. കുഞ്ഞാമ്പുവിനെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യമായിരുന്നു എന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ഇവിടെ അങ്ങും സഭാനേതാവും മററു പാർട്ടി നേതാക്കൻമാരും പുറപ്പെടുവിച്ച അഭിപ്രായങ്ങളോടെല്ലാംതന്നെ ഞാൻ യോജിക്കുകയാണ്. ഈ രാജ്യത്തെ സ്വാതന്ത്ര്യസമരത്തിലെ ഒരു ഉന്നത സേനാനിയും അതുപോലെതന്നെ നിശബ്ദമായിട്ടാണെങ്കിലുംശരി സമരത്തിൽനിന്നൊഴിഞ്ഞുനിൽക്കാതെ സമരത്തിനു നേതൃത്വം കൊടുത്ത് നീലേശ്വരം കർഷകരേയും തൊഴിലാളികളേയും സംഘടിപ്പിച്ച് ഈ രാജ്യത്ത് പുരോഗമനത്തിന്റെ നാഴികക്കല്ലിൽ എന്നും അവിസ്മരണീയനായി നിൽക്കുന്ന ഒരാളായിരിക്കും പരേതനായ ശ്രീ. വി. വി. കുഞ്ഞമ്പു എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും എനിക്കില്ല. ഈ രാജ്യത്ത് പലപ്പോഴും മർദ്ദനങ്ങൾ വരുമ്പോൾ ഒഴിഞ്ഞുമാറിയ ആളുകളുണ്ട്. ഈ രാജ്യം ബ്രിട്ടീഷ് സാമ്രാജ്യത്തോട് ഏററുമുട്ടിയ കാലങ്ങളിലൊക്കെത്തന്നെ മർദ്ദനം വന്നപ്പോൾ ഒഴിഞ്ഞുമാറിയ, കാലുമാറിയ ആളുകളുണ്ട്. ഒഴിഞ്ഞുമാറുക എന്നുള്ള ദുഃസ്വഭാവം ശ്രീ. കുഞ്ഞമ്പുവിന് ഉണ്ടായിരുന്നില്ല, കാലുമാറുക എന്നുള്ളത് അദ്ദേഹത്തിന്റെ ചരിത്രാദ്ധ്യായത്തിൽ ഒരിക്കലും എഴുതിചേർത്തിട്ടില്ല. അങ്ങനെ ഉന്നതമായ ഒരു മാനദണ്ഡം പുലർത്തിക്കൊണ്ട് ഈ നിയമസഭാതലത്തിലും ഇതിനു പുറത്തും ഈ രാജ്യത്തെ ജനതതിയെ, അവശത അനുഭവിക്കുന്നവരെ സേവിക്കുന്നതിന് മുൻപന്തിയിൽ നിൽക്കുന്നതിന് നമുക്കൊക്കെ മാതൃകയായിരുന്ന ഒരാളാണ് പരേതനായ ശ്രീ. കുഞ്ഞമ്പു. വളരെ ഞെട്ടലോടുകൂടിയാണ് അദ്ദേഹത്തിന്റെ നിര്യാണവാർത്ത ഞാൻ റേഡിയോയിൽക്കൂടി ശ്രവിച്ചത്. ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ലാത്ത ഒരു മരണവാർത്ത ആകസ്മികമായി കേൾക്കുമ്പോഴുണ്ടാകുന്ന ഞെട്ടൽ, ഞാൻ എത്ര വലിയ വിപ്ലവകാരിയാണെന്നു തോന്നിയാലും എന്നേയും ബാധിച്ചു എന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അങ്ങനെ ഈ രാജ്യത്തെ ആളുകളെ മുഴുവനും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് അദ്ദേഹം മൺമറഞ്ഞു. ഇന്നിവിടെ രൂപംകൊണ്ടിട്ടുള്ള കാർഷിക ഭൂപരിഷ്കരണ നിയമങ്ങളുടെയൊക്കെ കാരണഭൂതൻ ശ്രീ. വി. വി. കുഞ്ഞമ്പു ആണെന്നുള്ള കാര്യത്തിൽ സംശയമില്ല. അനവധി സമരങ്ങളിലൂടെ അനവധി നാളത്തെ ത്യാഗത്തിലൂടെയാണ് ഈ അവകാശങ്ങൾ പിടിച്ചുപററാൻ കഴിഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോൺ മാഞ്ഞൂരാൻ]

നമുക്കൊക്കെയറിയാം ഈ രാജ്യത്ത് മലബാർ പ്രദേശത്ത് ഫ്യൂഡലിസം അതിന്റെ അഴിഞ്ഞാട്ടം നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്വം ഇവിടെ പ്രസവിച്ച എം.എസ്.പി.യുടെ ക്രൂരമായ മർദ്ദനങ്ങൾ മലബാറിലെങ്ങും നടന്നുകൊണ്ടിരുന്ന അവസരത്തിലും ഒരിക്കലും കാലിടറാതെ മനം പതറാതെ തലയുയർത്തിനിന്നുകൊണ്ട് സമരത്തിന്റെ മുൻപന്തിയിൽ ആയിരുന്ന ശ്രീ. വി. വി. കുഞ്ഞമ്പുവിനെ കേരളത്തിന്റെ ചരിത്രത്തിൽ എന്നും അവിസ്മരണീയനായി എഴുതപ്പെടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഞാൻ അദ്ദേഹത്തിന്റെ നിര്യാണത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കൽപ്പള്ളി മാധവമേനോൻ: സർ, ശ്രീമാൻ വി. വി. കുഞ്ഞമ്പുവിന്റെ നിര്യാണത്തെ അനുസ്മരിപ്പിച്ചുകൊണ്ട് അങ്ങും ബഹുമാനപ്പെട്ട സഭാനേതാവും മററു ബഹുമാനപ്പെട്ട മെമ്പറൻമാരും പുറപ്പെടുവിച്ച വികാരങ്ങളോട് ഞാൻ പരിപൂർണ്ണമായും യോജിക്കുകയാണ്. ശ്രീമാൻ വി. വി. കുഞ്ഞമ്പുവിനെ സംബന്ധിച്ചിടത്തോളം എനിക്കു വലിയ പരിചയമൊന്നുമില്ലെങ്കിലും മുൻ പ്രാസംഗികൻമാരിൽനിന്നും ഞാൻ അറിയാൻ തുടങ്ങിയ തീയതി മുതൽക്കും അദ്ദേഹം നല്ലവരിൽ നല്ലവനായി എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്. അദ്ദേഹം, അങ്ങു സൂചിപ്പിച്ചതുപോലെ ഏററവും പ്രഗൽഭനായ ഒരു നേതാവും നല്ലൊരു മനുഷ്യനും രാജ്യതാൽപര്യത്തിനു വേണ്ടി കക്ഷിഭേദമെന്യേ ജാതിമതഭേദമെന്യേ ഏവർക്കുവേണ്ടിയും മുൻകൈ എടുത്തു പ്രവർത്തിച്ച ധീരസേനാനിയാണെന്നുകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഈ സഭയ്ക്കു മാത്രമല്ല പ്രത്യേകിച്ചും അദ്ദേഹം പ്രതിനിധീകരിക്കുന്ന പാർട്ടിക്ക് ഏററവും വലിയ ഒരു വിടവാണ് ഉണ്ടാക്കിവച്ചിരിക്കുന്നതെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ആത്മാവിന് ഞാൻ നിത്യശാന്തി നേരുകയും ചെയ്യുന്നു.

ആററിങ്ങൽ ശ്രീ. എൻ. ഗോപാലപിള്ള: സ്പീക്കർ സർ, അങ്ങു പ്രകടിപ്പിച്ച വികാരങ്ങളോടു ഞാൻ പൂർണ്ണമായും യോജിക്കുന്നു. അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ ഇവിടെ പറഞ്ഞുകേട്ടതിൽനിന്നാണ് ഞാൻ കൂടുതൽ മനസ്സിലാക്കിയത്. ഈ സഭയിൽ അംഗമായതിനു ശേഷമാണ് എനിക്ക് അദ്ദേഹത്തെ പരിചയപ്പെടാൻ ഇടയായത്. എങ്കിൽ പോലും സ്വാതന്ത്ര്യസമരകാലത്ത് വളരെയധികം ത്യാഗങ്ങൾ സഹിച്ചിട്ടുള്ള അദ്ദേഹത്തിന്റെ വളരെ വിനയത്തോടുകൂടിയ പെരുമാററത്തെപ്പററി ആലോചിക്കുമ്പോൾ വളരെയധികം ദുഃഖിക്കുകയാണു, സർ. അദ്ദേഹത്തിന്റെ വേർപാട് കർഷകപ്രസ്ഥാനത്തിനും അതുപോലെ എല്ലാ അവശത അനുഭവിക്കുന്ന ആളുകൾക്കും വലിയ നഷ്ടമാണ്. ഞാനും എന്റെ പാർട്ടിയും അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിക്കുന്നു.

ശ്രീ. വർക്കി വടക്കൻ: ബഹുമാനപ്പെട്ട കുഞ്ഞമ്പുവിന്റെ നിര്യാണത്തിന്റെ തികഞ്ഞ ദുഃഖം ഓർക്കുന്ന ഈയവസരത്തിൽ അദ്ദേഹത്തിന്റെ മററു പ്രവർത്തനങ്ങളിലേയ്ക്കും അൽപം തിരിഞ്ഞുനോക്കേണ്ടത് നമ്മുടെയെല്ലാം ധർമ്മമാണെന്നു ഞാൻ കരുതുന്നു. ശ്രീമാൻ കുഞ്ഞമ്പു നമ്മുടെ നിയമസഭയെ സംബന്ധിച്ചിടത്തോളം വലിയൊരു മുതൽക്കൂട്ടായിരുന്നു എന്നാണ് എന്റെ വിനീതമായ അഭിപ്രായം. വിനയാമ്പിതനായ ആ വലിയ മനുഷ്യൻ, തന്റെ അറിവിന്റെ ചിത്രം മററാരുടെ മുമ്പിലും പ്രകടി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കാത്ത ആ വലിയ മനുഷ്യൻ ഒരു വലിയ വിപ്ലവകക്ഷിയെ പ്രതിനിധാനം ചെയ്യുന്ന ഒരംഗമായിരുന്നിട്ടും സമചിത്തതയോടും സഹിഷ്ണുതയോടും പെരുമാറിയിരുന്നു എന്നുള്ളത് ശരിക്കും അഭിമാനത്തോടുകൂടി അനുസ്മരിക്കുകയാണ്. പ്രത്യേകിച്ചും മലബാറിനെ സംബന്ധിച്ചിടത്തോളം ആ പ്രദേശത്തെ കർഷക ലക്ഷങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി നടത്തിയ സമരങ്ങളിൽ നിന്നുതന്നെ ശ്രീമാൻ കുഞ്ഞമ്പുവിന്റെ ചിത്രം എന്നും കാണാൻ കഴിയും. അദ്ദേഹത്തിന്റെ ജീവിതം തന്നെ സമരത്തിന്റെ ആകെത്തുകയായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടു മാത്രമായിരുന്നില്ല അദ്ദേഹത്തിനു പടവെട്ടേണ്ടി വന്നത്. ഈ രാജ്യത്തിലെ മുതലാളിത്തത്തിനോടും വളരെയേറെ ശക്തിയായി പൊരുതാനുള്ള തന്റേടം ശ്രീമാൻ കുഞ്ഞമ്പു കരസ്ഥമാക്കിയിരുന്നു. തന്റെ ജീവിതത്തിന്റെ ഒരു വലിയ കാലയളവ് ഈ രാജ്യത്തിലെ ദരിദ്രലക്ഷങ്ങൾക്കും പതിത വർഗ്ഗത്തിനും വേണ്ടി അർപ്പണം ചെയ്തയാളാണ് അദ്ദേഹമെന്നു പറഞ്ഞാൽ എന്റെ അഭിപ്രായത്തോടു ഈ സഭ ഏകകണ്ഠമായി യോജിക്കുമെന്നാണ് എന്റെ വിശ്വാസം. ശ്രീമാൻ കുഞ്ഞമ്പു ഇന്നു നമ്മുടെ കൂടെയില്ല. തികച്ചും ആകസ്മികമായി അദ്ദേഹം നമ്മെ പിരിയുകയാണുണ്ടായത്. വേർപാട് സ്വാഭാവികമാണ്. എന്നുവരികിലും ഇത്രയും വേഗം അദ്ദേഹം വേർപിരിഞ്ഞുപോകുമെന്ന ഒരു ധാരണ നമുക്കുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ആരോഗ്യകരമായ ചുററുപാടുകൾ നോക്കിയാലും മററന്തുതന്നെ പരിശോധിച്ചാലും ഇത്രയും വേഗം പിരിഞ്ഞുപോകുന്ന നിർഭാഗ്യകരമായ ഒരു ചുററുപാട് സൃഷ്ടിക്കുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. ശ്രീമാൻ കുഞ്ഞമ്പുവിന്റെ പാവന സ്മരണയ്ക്കുമുമ്പിൽ ഞാനും എന്റെ കക്ഷിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു. നല്ലവനായ ദൈവം അദ്ദേഹത്തിനു നിത്യശാന്തി നൽകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ശ്രീ. എം. കുഞ്ഞുകൃഷ്ണൻ നാടാർ: സർ, ശ്രീ. കുഞ്ഞമ്പുവിന്റെ നിര്യാണത്തിൽ ഈ സഭയ്ക്കുള്ള നഷ്ടം ഒരു തീരാനഷ്ടമാണെന്നാണ് എനിക്കു പറയുവാനുള്ളത്. അദ്ദേഹം നിയമസഭാ സാമാജികനെന്നുള്ള നിലയിലും പഞ്ചായത്തു പ്രസിഡന്റ് എന്നുള്ള നിലയിലും വളരെയധികം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വിശേഷിച്ചും പഞ്ചായത്തു പ്രസിഡന്റ് എന്നുള്ള നിലയിൽ വളരെയധികം സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്ന് എനിക്കുതന്നെ ബോദ്ധ്യമായിട്ടുണ്ട്. അദ്ദേഹത്തിന്റെ സേവനം ഈ രാജ്യത്തിന് ഇല്ലാതായത് ദുഃഖകരമാണ്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീമതി പെണ്ണമ്മ ജേക്കബ്ബ്; ബഹുമാനപ്പെട്ട വി. വി. കുഞ്ഞമ്പു ചെയ്ത ചില നല്ലകാര്യങ്ങൾ മാത്രമേ എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽ പെടുത്താനുള്ളു. അദ്ദേഹത്തിന്റെ അകാലചരമ വാർത്ത ഒരു ഞെട്ടലോടുകൂടിയാണ് ഞാൻ കേട്ടത്. അദ്ദേഹത്തിന്റെ മൃതശരീരം കാണണമെന്നാഗ്രഹമുണ്ടായിരുന്നെങ്കിലും അതിനു സാധിക്കാത്തതുകൊണ്ട് ഞങ്ങളുടെ പ്രദേശത്ത് അനുശോചന സമ്മേളനം സംഘടിപ്പിക്കുകയും മററും ചെയ്തു. An eminent philosopher has compared the life of man on earth: "It is just like a sparrow entering into a lighted room from darkness and again disappearing in the light after having fluttered round the light for some time". ജീവിതമെന്നു പറയുന്നത് ഒരു ഈയൽ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേയ്ക്കു പ്രവേശിച്ച് പെട്ടെന്നുതന്നെ മരണമടയുന്നതു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി പെണ്ണമ്മ ജേക്കബ്ബ്]

പോലെയാണ് എന്നാണദ്ദേഹം പറഞ്ഞിരിക്കുന്നത്. അതുപോലെയാണ് നമ്മുടെ ജീവിതവുമെന്ന് ബഹുമാനപ്പെട്ട കുഞ്ഞമ്പുവിന്റെ മരണത്തെപ്പററി ഓർക്കുമ്പോൾ സ്മരിക്കണം. ഒരു മനുഷ്യന്റെ ആയുസ്സ് കണക്കാക്കുന്നത് അദ്ദേഹം ജീവിതത്തിൽ ചെയ്ത നല്ല കാര്യങ്ങൾ കണക്കാക്കിയാണ് എന്നു സ്മരിക്കുമ്പോൾ ശ്രീ. കുഞ്ഞമ്പുവിന്റെ സേവനങ്ങൾ നാം ഓർക്കണം. അദ്ദേഹം മരിച്ചെങ്കിലും അദ്ദേഹത്തിന്റെ സ്വഭാവവും ആദർശധീരതയും മാതൃകയാക്കണമെന്നു ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോട് എനിക്കും എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കുമുള്ള ആത്മാർത്ഥമായ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. വി. കുഞ്ഞമ്പു: സർ, സഖാവ് വി. വി. യുടെ നിര്യാണത്തിൽ ബഹുമാനപ്പെട്ട അങ്ങും ബഹുമാനപ്പെട്ട സഭാനേതാവും മററു പാർട്ടി നേതാക്കൻമാരും പ്രകടിപ്പിച്ച വികാരങ്ങളോടു ഞാൻ പരിപൂർണ്ണമായും യോജിക്കുകയാണ്. അതോടൊപ്പം സഖാവു വി. വി. യോടൊന്നിച്ചു വളരെക്കാലം പ്രവർത്തിച്ച ഒരു വ്യക്തിയാണു ഞാൻ. 1928-ൽ ശ്രീ. ജവഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഒരു സമ്മേളനത്തിൽ ഒരു വോളൻറിയറായി പ്രവർത്തിച്ചുകൊണ്ടാണ് സഖാവു വി. വി. തന്റെ രാഷ്ട്രീയ പ്രവർത്തനം ആരംഭിക്കുന്നത്. അതിനുശേഷമുള്ള ദീർഘമായ കാലയളവിൽ അദ്ദേഹം ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ട്. പഴയ ചിറയ്ക്കൽ താലൂക്ക് കോൺഗ്രസ് കമ്മിററി പ്രസിഡൻറ്, വടക്കേമലബാർ ജില്ലാ കോൺഗ്രസ് കമ്മിററി മെമ്പർ, കമ്മ്യൂണിസ്ററ് പാർട്ടി കാസർഗോഡു താലൂക്ക് കമ്മിററി സെക്രട്ടറി, കമ്മ്യൂണിസ്ററ് മാർക്സിസ്ററ് പാർട്ടി ഹോസ്ദുർഗ് താലൂക്ക് കമ്മിററി സെക്രട്ടറി, കാസർഗോഡു താലൂക്ക് കർഷകസംഘം പ്രസിഡൻറ്, അഭിനവ ഭാരത സംഘത്തിലെ സജീവ പ്രവർത്തകരിൽ ഒരാൾ എന്നീ നിലകളിൽ രാഷ്ട്രീയ രംഗത്തും അതേപോലെതന്നെ പൊതുജന സംഘടനാരംഗത്തും വളരെ സജീവമായി പ്രവർത്തിച്ചിട്ടുള്ള, ഏററവും ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുള്ള, തന്റെ മഹത്തായ പ്രവർത്തനത്തിൽക്കൂടി മലബാറിലും അതിലും വിശേഷിച്ച് ചിറയ്ക്കൽ കാസർകോഡു താലൂക്കുകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള മഹാനായ ഒരു നേതാവായിരുന്നു സഖാവ് വി. വി. അങ്ങു സൂചിപ്പിച്ചതുപോലെ മലബാർ ഡിസ്ട്രിക്ട് ബോർഡ് മെമ്പറെന്നുള്ള നിലയിലും അതുപോലുള്ള മററു പല രംഗങ്ങളിലും സഖാവു വി. വി. ഏററവും ആത്മാർത്ഥമായി പ്രവർത്തിച്ചുപോന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യകാര്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ പല രംഗങ്ങളിലും ഞങ്ങൾക്കെല്ലാം ഒന്നിച്ചു പ്രവർത്തിക്കേണ്ടതായിട്ടു വന്നിട്ടുണ്ട്. അപ്പോഴെല്ലാം ഈ രാജ്യത്തെ അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും അഭിവൃദ്ധിക്കും വേണ്ടി അദ്ദേഹം ആത്മാർത്ഥമായ പരിശ്രമം നടത്തിയതായി ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ജീവിതത്തിന്റെ സുന്ദരമായ വഴിത്താരകൾ പലതും അദ്ദേഹത്തെ കൈമാടി വിളിച്ചിട്ടുണ്ട്. അപ്പോഴെല്ലാം ആ മാടിവിളിയെ അദ്ദേഹം നിരങ്കുശം നിഷേധിക്കുകയാണ് ചെയ്തത്. ബി. എ. ബിരുദം നേടിയ ഉടനെ നടന്ന സബ് ഇൻസ്പെക്ടർ സെലക്ഷനിൽ അദ്ദേഹത്തിന് സബ് ഇൻസ്പെക്ടറായി സെലക്ഷൻ കിട്ടി. പക്ഷെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ പേരിൽ, തന്റെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്ന പടയാളികളെ അടിച്ചമർത്തുന്ന ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ഏജൻറായി അധഃപ്പതിക്കാൻ താൻ തയ്യാറില്ലാ എന്നുപറഞ്ഞ് അദ്ദേഹം ആ സബ്

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്പെക്ടർ സെലക്ഷൻ നിഷേധിക്കുകയാണ് ചെയ്തത്. എന്നാൽ തന്റെ പിതാവിന്റെ ആഗ്രഹമനുസരിച്ചും അദ്ദേഹത്തെ തൃപ്തിപ്പെടുത്താനും വേണ്ടി ഒരു അധ്യാപകനായി ജോലി ചെയ്യാൻ ശ്രീമാൻ വി. വി. കുഞ്ഞമ്പു തീരുമാനിക്കുകയും കരിവണ്ണൂർ എൽ.പി.-യു.പി. സ്ക്കൂളിൽ ഒരു അധ്യാപകനായി ജോലി ചെയ്യുകയും ചെയ്തു. പക്ഷെ, അധികം കഴിയുന്നതിനു മുമ്പായി—മദ്രാസിൽ അന്നു രണ്ടു വർഷത്തെ കോഴ്സായിരുന്നു—എലക്ടീവു കോഴ്സിനു സെലക്ഷൻ കിട്ടി. മദ്രാസിൽ പോയി എലക്ടീവു കോഴ്സ് പാസ്സായി പുറത്തു വന്നതിനു ശേഷം പിന്നെ ആ ജോലി തുടരാതിരിക്കുകയാണ് അദ്ദേഹം ചെയ്തത്. സ്വന്തം പിതാവിനെ തൃപ്തിപ്പെടുത്താൻവേണ്ടി ഒരു അധ്യാപകനായി ജോലി നോക്കാൻ അദ്ദേഹം തയ്യാറായെങ്കിലും രാജ്യത്തോടുള്ള കടപ്പാടിന്റെ പേരിൽ ഒടുവിൽ അത് ഉപേക്ഷിക്കാൻ അദ്ദേഹം നിർബന്ധിതനായിത്തീർന്നു. അന്നത്തെ സ്വാതന്ത്ര്യപ്രസ്ഥാനമായ ചിറയ്ക്കൽ കാൺഗ്രസ്സ് കമ്മിററി പ്രസിഡൻറായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. കുറെക്കാലം അദ്ദേഹത്തിന് ജയിലിൽ കഴിയേണ്ടിവന്നിട്ടുണ്ട്. കുറെക്കാലം അദ്ദേഹത്തിന് ഒളിവിൽ കഴിയേണ്ടിവന്നിട്ടുണ്ട്. എന്നുമാത്രമല്ല, 1939-ൽ രണ്ടാം ലോകമഹായുദ്ധകാലത്ത് അതിനെ എതിർത്തു എന്ന കാരണത്താൽ ജയിലിൽ കിടക്കേണ്ടി വന്നു. ഏർപ്പെട്ട രംഗത്തെല്ലാം വളരെ ആത്മാർത്ഥമായി പ്രവർത്തിക്കാൻ അദ്ദേഹം തയ്യാറായി. പ്രകടനപരമായ കാര്യങ്ങളിൽ അദ്ദേഹം അദ്ദേഹത്തിന്റെ ചെറുപ്പകാലത്ത് മുന്നിൽ തന്നെ ഉണ്ടായിരുന്നു. ഏററവും നല്ല ഒരു ഫുട്ബാൾ പ്ലേയറായിരുന്നു അദ്ദേഹം. സാഹസിക രംഗങ്ങളിൽ മുന്നണിയിൽ നിന്നു പ്രവർത്തിച്ചിരുന്നുവെങ്കിലും രാഷ്ട്രീയരംഗത്തു പ്രവേശിച്ചതോടുകൂടി വളരെയേറെ വിനയാന്വിതനായി വളരെയേറെ ആലോചിച്ചു കഴിഞ്ഞതിനു ശേഷം ചുവടുവച്ചു ചുവടുവച്ച് മുന്നോട്ടുപോവുകയും എല്ലാവരേയും അണിനിരത്തിക്കൊണ്ട് വിവേകമുള്ള ഒരു നേതാവിനെപ്പോലെ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

സർ, അദ്ദേഹത്തിന്റെ നിര്യാണം തീർച്ചയായും കമ്മ്യൂണിസ്ററ് മാർക്സിസ്ററ് പാർട്ടിക്കും ഈ രാജ്യത്തെ ജനാധിപത്യ പ്രസ്ഥാനങ്ങൾക്കും ഒരു തീരാനഷ്ടമെന്നപോലെ ഈ രാജ്യത്തെ ദേശീയ ജനാധിപത്യ പ്രസ്ഥാനങ്ങൾക്കും അതുപോലുള്ള മററു പല നല്ല പ്രസ്ഥാനങ്ങൾക്കും ഒരു വലിയ നഷ്ടമാണെന്ന അങ്ങയുടെയും മററു പാർട്ടി നേതാക്കൻമാരുടെയും അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. മാത്രമല്ല, എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി, ഒരിക്കലും ഉണങ്ങാത്ത ഒരു വൃണമായി ഇതു നിൽക്കുകയും ചെയ്യും.

(പരേതനോടുള്ള ബഹുമാനസൂചകമായി സഭാംഗങ്ങൾ രണ്ടു മിനിട്ടു നേരം എഴുന്നേററു നിന്ന് മൗനം ആചരിച്ചു.)

**Mr. Speaker**: Order. Order. The House will now adjourn to meet again at 8 a.m. on 25th September 1972.

The Assembly adjourned at 9·40 a.m. to meet again at 8 a.m. on Monday, the 25th September 1972.

———



LIBRARY ARCHIVES Kerala Legislative Assembly

## NAME OF AGENTS APPOINTED FOR THE SALE OF GOVERNMENT PUBLICATIONS IN THE KERALA STATE

1. J. S. Paul and Sons, Cannanore.
2. G. Vital Prabu, News Agent, Manjeswar.
3. K. R. Brothers, Calicut.
4. Moulavi Book Depot, Kasargode.
5. Kottayi Gopalan, Tellicherry.
6. Touring Book Stall, Calicut.
7. K. P. Ahmed Kunhi and Bros., Cannanore.
8. Pallipat Stores, Irinjalakuda.
9. St. Joseph's Press, Perinthalmanna.
10. George Press, Ottapalam.
11. Travancore Law House, Ernakulam.
12. P. K. Brothers, Calicut.
13. C. P. Savankutty Keyi, Vidyodayam Book Stall, Tellicherry.
14. M. V. John, Law Book Seller, Near Civil Courts, Tellicherry.
15. Manager, Higginbothams (Private) Ltd., Trivandrum.
16. Current Books, Publishers and Book Sellers, Trichur.
17. Educational Supplies, Book Sellers, Publishers and Printers, Palghat.
18. H. and C. Stores, Dealers in Books, Kunnamkulam.
19. Manager, Reddiar Press and Book Depot, Trivandrum.
20. K. Parameswaran Pillai, Stamp Vendor, Pulimood, Trivandrum.
21. C. C. Ittiachan, Central Book Stall, Palace Road, Trichur-1.
22. Educational Supplies Depot, Trivandrum.
23. Jayachandra Book Depot, Chalai, Trivandrum.
24. S. Subramonia Iyer, Book Seller and Stamp Vendor, Kazhakoottam.
25. S. Krishna Iyer, Stamp Vendor, Ayurveda College View, Trivandrum.
26. N. Parameswaran Pillai, Alummoodu Veedu, Stamp Vendor, Kottarakkara.
27. N. Neelakanta Iyer, Stamp Vendor, Padmavilasom Street, Fort, Trivandrum.
28. The Manager, K. V. Press and Book Depot, Main Road, Attingal.
29. K. Bhaskaran Nair, News Agent, Trivandrum.
30. The Proprietor, Kerala Book House, Cranganore.
31. K. K. Raghava Menon, Popular Book Depot, Cranganore.
32. C. M. Book Stall, Publishers, Parayil, Kunnamkulam.
33. A. Jose, Proprietor, S. V. Press and Book Depot, Neyyattinkara.
34. N. Paramanandam, Proprietor, Ambika Press & Book Depot, Neyyattinkara.
35. The New Order Book Company, Ellis Bridge, Ahmedabad.
36. Pai and Company, Broadway, Ernakulam-1.
37. S. Hariharakrishna Iyer, Vinayaka Book Stall, Pazhavangadi, Trivandrum.
38. K. P. Gopalan, Swaraj Book Stall, Court Road, Quilandy.
39. Ambat Sekhara Menon, Proprietor, Menon Stores, Chittur-Cochin.
40. M. I. Abraham, News Agent and Book Seller, Punalur P. O.
41. K. G. Thomas, K. V. Book Depot, Chengannur.

[Continued to inside cover]

LIBRARY ARCHIVES Kerala Legislative Assembly

NAME OF AGENTS—[Continued from outer cover]

42. C. L. Joseph, The National Stores, Thana, Irinjalakuda.
43. N. Krishnamoorthy, Merchant, Manantody.
44. T. I. Joseph and Sons, Prakasom Press and Book Depot, Irinjalakuda.
45. The Proprietor, Pulikottil Publishing House, High Road, Trichur.
46. P. Radhakrishna Pillai, Sivavilasam, Kizhakkekkara, Kottarakkara.
47. Vidyarambam Press and Book Depot (P) Ltd., Mullakkal, Alleppey.
48. K. S. Kumara Pillai, Sreekumar Stores, Nedumangad.
49. A. L. Narayana Iyer, Indo-Malayan Book Stall, Fort, Trivandrum.
50. E. K. John, Stamp Vendor, C/o Popular Trading Co., Kottayam.
51. The Mahatma Press, Palace Road, Trichur.
52. P. K. Chacko, Proprietor, Peekaycee Trades, Kottayam.
53. Janatha Book Stall, Near P.M.G.'s Office, Trivandrum.
54. The Secretary, Govt. Servants Co-operative Society Ltd. No. A208, Alleppey.
55. The Manager, St. Thomas Press, Palai.
56. The National Stores, Cannanore.
57. National Book Agency (P) Ltd., Calcutta.
58. N. Chellappan Pillai, Narayana Press and Book Stall, Attingal.
59. K. Kunhambu, Bharath Printing Press, Kanhangad (P.O.), Cannanore.
60. Koshy P. John, Vidyarthy Mithram Press & Book Depot, Kottayam.
61. Y. Habeebulla, Proprietor, New Book Centre, Near Collectorate, Quilon-9.
62. Vijayakumar Jain, Prabhu Book Service, Gurgaon, Hariyana.
63. Haji Abdul Rahiman Sait, Merchant, Kesavadasapuram, Trivandrum-4.
64. M. Balan, Manager, City Book Stall, R.S. Road, Ottappalam.
65. K. Kunjiraman, Manager, Jaya Stores, Vazhuthacaud, Trivandrum.
66. P. N. Narayana Pillai, M.N. Printers, Adoor.
67. S. Krishna Iyer, Proprietor, Sree Saraswathy Stores, Thycaud, Trivandrum.
68. V. M. Noohu, Book Seller, Ansari Book Stall, Nilamel.
69. A. Narayanan Potti, Book Seller, Near Civil Station, Quilon-9.
70. G. Prabhakaran Nair, Manager, Premier Book House, Moovattupuzha.
71. Manager, Desabhimani Book House, M.G. Road, Trivandrum-1.
72. Varikolil P. Madhavan Pillai, Jai Hind Books and Office Stationery, Market Junction, Kottarakkara.
73. K. V. Devassy, Manager, Perinthalmanna Printing Works, Perinthalmanna.
74. K. Bhaskara Pillai, Prahla Book Depot, Attingal P.O.
75. K. A. George, Proprietor, Students Stores, 74/XII Sub Jail Road, Alwaye.
76. V. K. N. Pillai, Polayil Veedu, Manayilkulangara, Quilon-12.
77. V. Gopinathan Nair, Book Seller, Kacheri Junction, Nedumangad.
78. Smt. A. Poornambal, Proprietor, Bhagya Enterprise, M.G. Road, Trivandrum.
79. K. J. Cheriyan, Manager, Victory Book House, Muvattupuzha.

LIBRARY ARCHIVES Kerala Legislative Assembly